File No.TCPCTP/2488/2019-C3

## മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - എറണാകുളം ജില്ല - ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - ചെങ്ങമനാട് വില്ലേജ് - **പെട്രോൾ റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/07/19-ലെ എ 3/3128/18 നമ്പർ കത്ത്.

2) എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 10/10/19-ലെ C/1822/2019/K.Dis. നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം.**

**ഉത്തരവ് നമ്പർ : TCPCTP/2488/19-C3** **തീയതി : 16/11/2019**

---

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചെങ്ങമനാട് വില്ലേജിൽ റീ.സർവ്വേ നമ്പർ 15/3-3-2, 15/13-1-2, 15/13-2, 15/3-2 -ൽ ഉൾപ്പെട്ട സ്ഥല ഉടമയുടെ പേരിലുള്ള 4988 ച.മീ ആകെ സ്ഥലത്ത് നിന്നും 1714 ച.മീ സ്ഥലം വേർതിരിച്ചെടുത്ത് സെയിൽസ് ബിൽഡിംഗ് 34.98 ച.മീ, ടോയിലറ്റ് (27.8 ച.മീ), കനോപ്പി (324 ച.മീ) ഉൾപ്പെടെ ആകെ 386.78 ച.മീ **പെട്രോളിയം ഔട്ട് ലെറ്റ് യൂണിറ്റ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. കെ.എസ് ഉസ്മാൻ & മുഹമ്മദ് നയീം** -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. അഗ്നിശമന വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി ആവശ്യമായവകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
4. ഖരമാലിന്യ സംസ്കരണം /ഉപരിതല ജല നിർഗ്ഗമനം എന്നിവയ്ക്കുള്ള

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.

5. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് / നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
6. കെ.പി.ബി.ആർ. 2011 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിയ്ക്കായി പരിഗണിക്കാവൂ.
7. കെ പി ബി ആർ 2011 പ്രകാരമുള്ളജില്ലാകലക്ടറുടെഎൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
8. പ്ലോട്ടിൽ നിലവിലുള്ള പഴയ നിർമ്മാണങ്ങളും 11 കെ.വി ഇലക്ട്രിക് ലൈനും പൊളിച്ച് മാറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 132/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം - 695 143

ജയശ്രീ. പി.ആർ,
ടൗൺ പ്ലാനർ

**സെക്രട്ടറി,**
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ശ്രീ. മുഹമ്മദ് നയീം
കടവിൽ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
ഇടപ്പള്ളി, എറണാകുളം
2) ശ്രീ. കെ.എസ്. ഉസ്മാൻ
കടവിൽ ഹൗസ്
ഇടപ്പള്ളി, എറണാകുളം
3) സീനിയർ ടൗൺ പ്ലാനർ, എറണാകുളം.
4) വെബ് സൈറ്റ്. 5) കരുതൽ ഫയൽ. 6) അധികം.